പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5610

2.11.2016 -ൽ മറുപടിയ്ക്ക്

## കെ.റ്റി.ഡി.സി. യുടെ കീഴിലുള്ള മാസ്കറ്റ് ഹോട്ടൽ

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.ഐ.ബി. സതീഷ്<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.ഡി.കെ. മുരളി : | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | കെ.റ്റി.ഡി.സി. യുടെ കീഴിലുള്ള മാസ്കറ്റ് ഹോട്ടൽ ഒരു ഹെറിറ്റേജ് ഹോട്ടൽ ആയി ബ്രാൻഡ് ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കുമോ; | എ) | ഹെറിറ്റേജ് ഹോട്ടലായി പരിഗണിക്കപ്പെടണമെങ്കിൽ പ്രസ്തുത ഹോട്ടലിന്റെ തറ വിസ്തീർണ്ണത്തിന്റെ 50 ശതമാനമെങ്കിലും 1950-നുമുൻപ് നിർമ്മിക്കപ്പെട്ടവയായി തെളിയിക്കാൻ കഴിയണം. മാസ്കറ്റ് ഹോട്ടൽ 1950-നുമുമ്പ് നിർമ്മിക്കപ്പെട്ടതിനാൽ ഹെറിറ്റേജ് ഹോട്ടലായി ബ്രാന്റ് ചെയ്യുന്നതിനും ഫൈവ്സ്റ്റാർ ക്ലാസിഫിക്കേഷൻ ലഭ്യമാക്കുന്നതിനുമായുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. |
| ബി) | മുൻ സർക്കാരിന്റെ കാലത്ത് മാസ്കറ്റ് ഹോട്ടലിൽ കുടിശ്ശികയായി വൻതുക പിരിച്ചെടുക്കാനുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളും വ്യക്തികളുമാണ് ഇപ്രകാരം തുക നൽകാനുള്ളത്; ഇതിൽ സ്വകാര്യ സ്ഥാപനങ്ങളുണ്ടോ; വിശദാംശം നൽകുമോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 7.10.2016 വരെ സ്വകാര്യ വ്യക്തികൾ, ട്രാവൽ ഏജന്റുമാർ തുടങ്ങിയവരിൽ നിന്നും കിട്ടാനുള്ളതുൾപ്പെടെ 1,96,37,623/- രൂപ പിരിഞ്ഞുകിട്ടാനുണ്ട്. ഇതിൽ സ്വകാര്യ വ്യക്തികൾ, ട്രാവൽ ഏജന്റ് തുടങ്ങിയവരിൽ നിന്നും 55,27,800/- രൂപ കിട്ടാനുണ്ട്. |
| സി) | മാസ്കറ്റ് ഹോട്ടലിൽ കുടിശ്ശികയായി പിരിച്ചെടുക്കാനുള്ള പ്രസ്തുത തുക സംബന്ധിച്ച് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) | പ്രസ്തുത തുക പിരിച്ചെടുക്കുന്നതിനായി റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ